DESPATCHED
On...15/02/22

07.02.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 2232 (4)/17** /എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.13052/എസ്.ഐ.സി-ജി2/2017 )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 07.02.2022

ശ്രീ. വാസു.കെ,
തടത്തിൽ വടക്കേതിൽ,
ഇലവുംതിട്ട,
മെഴുവേലി വില്ലേജ്,
മെഴുവേലി പഞ്ചായത്ത്,
കോഴഞ്ചേരി താലൂക്ക്,
പത്തനംതിട്ട-689 625.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
മെഴുവേലി ഗ്രാമപഞ്ചായത്ത് കാര്യാലയം,
ഇലവുതിട്ട.പി.ഒ., പത്തനംതിട്ട- 689 625.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
പത്തനംതിട്ട.

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 12.08.2021 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്.

2) ടി ഹർജിയിലെ രണ്ടാം എതിർകക്ഷിയുടെ ഉത്തരവ് ഒന്നാം എതിർകക്ഷി നടപ്പാക്കിയിട്ടുണ്ടോ ഇല്ലയോ എന്നതിന് വിശദീകരണം നൽകണമെന്നതായിരുന്നു ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

3) ഇതനുസരിച്ച് ഒന്നാം എതിർകക്ഷിയുടെ വിശദീകരണം 13.09.2021 ൽ കമ്മീഷന് ലഭിച്ചു.

4) ഹർജിയിലെ രണ്ടാം എതിർകക്ഷിയായ ഒന്നാം അപ്പീലധികാരിയുടെ 11.07.2017 ലെ RTI-A 1384/17 No. ഉത്തരവ് പ്രകാരം അപ്പീൽ ഹർജിക്കാരന് 20.07.2017 ൽ കത്തു നൽകിയിട്ടുണ്ടെന്നും, ടിയാൻ ആവശ്യപ്പെട്ട ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി പത്തനംതിട്ട, ആർ.ഡി.ഒ അടൂർ, മനുഷ്യാവകാശ കമ്മീഷൻ, ഓംബുഡ്സ്മാൻ എന്നീ അധികാരികൾക്ക് നൽകിയ റിപ്പോർട്ടുകളുടെ പകർപ്പ് അപ്പീൽ ഹർജിക്കാരന് സൗജന്യമായി നൽകിയിട്ടുണ്ടെന്നും, നടപടി ലഭ്യമാക്കാൻ കാലതാമസം വന്നതിനാൽ പകർപ്പ് ഫീസായി ഈടാക്കിയ 48 രൂപ ടിയാൾക്ക് തിരികെ കൈപ്പറ്റുന്നതിന് നിർദ്ദേശിച്ചുകൊണ്ട് കത്തു നൽകിയിട്ടുണ്ടെന്നും, ആയത് ടിയാൾ കൈപ്പറ്റി യിട്ടില്ലാത്തതിനാൽ ടി തുക മണിയോർഡറായി നൽകുന്നതാണെന്നും വിശദീകരണത്തിൽ പറയുന്നു. ഒന്നാം എതിർകക്ഷി അപ്പീൽ ഹർജിക്കാരന് അയച്ച കത്തിന്റെ പകർപ്പും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

5) കമ്മീഷന്റെ താൽക്കാലിക ഉത്തരവ് അനുസരിച്ച് നടപടികൾ സ്വീകരിച്ചതായി ഒന്നാം എതിർകക്ഷി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 07.02.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va